ദിവസക്കൂലിക്കാരെ എസ്. എസ്. എ. പദ്ധതി പ്രകാരമുള്ള പരിശീലനത്തിന് നിയോഗിക്കുന്നതിനെതിരെ നടപടി

93 [2983] ശ്രീ. എം. എ. വാഹീദ് :
,, എം. മുരളി :
,, വർക്കല കഹാർ :
,, ഇ. എം. അഗുസ്തി :
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയനുസരിച്ച് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ദിവസക്കൂലിക്കാരായ അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടോ;

(ബി) അദ്ധ്യാപനത്തിൽ നീണ്ടകാലത്തെ പരിചയവും പക്വതയുമാർജിച്ച അദ്ധ്യാപകരെ ദിവസക്കൂലിക്കാരായ പരിചയവും പക്വതയുമില്ലാത്തവർ പഠിപ്പിക്കുന്നതു മൂലം അദ്ധ്യാപകരുടെ മനോവീര്യം നശിപ്പിക്കുവാനും എസ്. എസ്. എ. പദ്ധതി തന്നെ തകരാറിലാകാനും ഇടയുണ്ടോ;

(സി) ദിവസക്കൂലിക്കാരെ എസ്. എസ്. എ. പദ്ധതി പ്രകാരമുള്ള പരിശീലനത്തിനു നിയോഗിക്കുന്നതവസാനിപ്പിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

സീനിയർ സൂപ്രണ്ട്, ടൈപ്പിസ്റ്റ്, പ്യൂൺ, ഫുൾ ടൈം മീനിയൽ എന്നീ തസ്തികകൾ അനുവദിക്കാൻ നടപടി

94 [2984] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പുതുതായി സീനിയർ സൂപ്രണ്ട്, ടൈപ്പിസ്റ്റ്, പ്യൂൺ, ഫുൾടൈം മീനിയൽ എന്നീ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ 10-2-2000-ൽ നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും ധനകാര്യ വകുപ്പിന്റെ 16-1-02-ലെ ജി.ഒ.(പി) നം. 56/02/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി അതിൻമേൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഹയർ സെക്കണ്ടറി അദ്ധ്യാപക ലിസ്റ്റ്

95 [2985] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, പി. ടി. തോമസ് :
,, എം. മുരളി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് ഓരോ വിഷയത്തിലും എത്ര ഒഴിവുകൾ വീതമുണ്ടാകാനിടയുണ്ടെന്നാണ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് പി. എസ്. സി.-യെ അറിയിച്ചത്;

(ബി) അതനുസരിച്ച് പി. എസ്. സി. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ ലിസ്റ്റിൽ ഓരോ വിഷയത്തിലും യോഗ്യരായ എത്ര പേരുടെ പേര് ചേർത്തിരുന്നു എന്ന് അറിയാമോ?

ഉത്തരം

(എ ആന്റ് ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 30-6-2004 വരെ (ജൂനിയറും/സീനിയറും) ഉണ്ടായ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പി. എസ്. സി. അഡ്വൈസ് ചെയ്ത എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി (ജൂനിയർ) തസ്തികയിലേക്ക് പി. എസ്. സി. ഇനിയും അഡ്വൈസ് ചെയ്തിട്ടില്ല. ഓരോ വിഷയത്തിലും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെയും പി. എസ്. സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly